**QP CODE**
**A4002**

**Enrollment Number: ………………**

**Name: ……………………………….**

# BA DEGREE EXAMINATIONS, DECEMBER 2024
## Fourth Semester
## B.A. Malayalam Language and Literature
## B21ML04DC – മലയാള സാഹിത്യവിമർശനം
## (2022 admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ
**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. 'ദളിത് സൗന്ദര്യശാസ്ത്രം' ആരുടെ കൃതിയാണ്?
2. ഭാഷയുടെ മൃതാവസ്ഥയെക്കുറിച്ച് പരാമർശമുള്ള സാറ ജോസഫിന്റെ കഥ ഏതാണ് ?
3. മഴയെന്ന സമൃദ്ധിയെ സ്വപ്നം കാണുന്ന കുട്ടിയെ അവതരിപ്പിക്കുന്ന നന്ദനാരുടെ പ്രശസ്തമായ കഥ ഏത് ?
4. മാതൃസങ്കല്പവും ദേവീ സങ്കല്പവും എടുത്തു കാട്ടുന്ന ഇടശ്ശേരിയുടെ കാവ്യം ഏതാണ് ?
5. 'എന്തൊരു പൂതമാണീ മഹാബലി ' ഏതു കൃതിയിൽ നിന്നെടുത്ത ലേഖനമാണ്?
6. സൈലന്റ്‌വാലി പ്രശ്നത്തെ അധികരിച്ച് കടമ്മനിട്ടയെഴുതിയ കവിത ഏതാണ് ?
7. 2023 ലെ സാഹിത്യ അക്കാദമി അവാർഡ് നേടിയ ഇ.വി. രാമകൃഷ്ണന്റെ കൃതിയേത്?
8. ദ്രാവിഡകാവ്യ സിദ്ധാന്തമായ പൊരുളധികാരം ഏത് കൃതിയിലുള്ളതാണ് ?
9. കാലത്തെ സമുദ്രമായി കല്പിക്കുന്ന ഇടപ്പള്ളിയുടെ കവിത ഏതാണ്?
10. ചങ്ങമ്പുഴയെക്കുറിച്ച് സുകുമാർ അഴിക്കോട് എഴുതിയ വിമർശന ഗ്രന്ഥം ഏതാണ്?
11. കെ. ദാമോദരൻ അറിയപ്പെടുന്നത് ഏത് പേരിലാണ്?
12. വർഗ്ഗ സമരം എന്ന ആശയത്തെ അംഗീകരിച്ചതാര് ?
13. ബാല്യകാലസഖി ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേടാണ് എന്ന് പറഞ്ഞതാരാണ് ?
14. രൂപമഞ്ജരി എന്ന ഗ്രന്ഥം എഴുതിയത് ആരാണ്?
15. ആധുനിക മലയാള ഗദ്യത്തിന്റെ പിതാവായി അറിയപ്പെടുന്നത് ആരാണ്?

**(1X10=10)**

### സെക്ഷൻ ബി
**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

16. മലയാള സാഹിത്യവിമർശനത്തിൽ നളിനിയുടെ അവതാരികയുടെ സ്ഥാനമെന്ത്?

17. അകം കവിതകളുടെ പ്രാധാന്യം വ്യക്തമാക്കുക?
18. കാല്പനികവാദിയായ അന്യൻ എന്ന് കെ.പി. അപ്പൻ ഇടപ്പള്ളിയെ വിശേഷിപ്പിച്ചതെന്തുകൊണ്ട് ?
19. മിസ്റ്റിസിസത്തിന്റെ ഘട്ടങ്ങൾ പ്രകടിപ്പിക്കുന്ന കാവ്യമാണ് ഗീതാഞ്ജലി. ഏതൊക്കെയാണ് ഘട്ടങ്ങൾ ?
20. 'ബൽസാക്കിന്റെ കൃഷിക്കാർ' എന്ന നോവലിലെ പ്രതിപാദ്യം എന്താണ് ? വിശദമാക്കുക.
21. ഹ്യൂമനിസം – കുറിപ്പെഴുതുക.
22. 'നല്ലവനായ കാട്ടാളൻ' എന്ന ലേഖനത്തിലെ രക്ഷകസങ്കല്പം എന്ത്?
23. പൂതപ്പാട്ട് എന്ന കവിത മനുഷ്യന്റെ പരിണാമത്തെക്കുറിച്ചുള്ള വിചിത്ര കല്പനയാണ് - വിശദമാക്കുക.
24. മലയാള സാഹിത്യ ചരിത്രം അടിസ്ഥാനമായി സ്വീകരിച്ചത് സവർണ്ണ സൗന്ദര്യബോധമായിരുന്നു – വിശദമാക്കുക.
25. വിരുദ്ധ ഭാവങ്ങളുടെ സംഘർഷം ഇടശ്ശേരിയുടെ കവിതകളിലുണ്ടോ? വിശദമാക്കുക.

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. സാഹിത്യ ചരിത്രങ്ങളുടെ പരിമിതികൾ പരിശോധിക്കുക.
27. സാറാ ജോസഫിന്റെ കഥകളിൽ സ്ത്രീയുടെ ലൈംഗിക ഊർജ്ജം രാഷ്ട്രീയ സ്വഭാവമുള്ള ആന്തരിക ശക്തിയായി പരിണമിക്കുന്നുണ്ടോ? വിശദമാക്കുക.
28. കഥാപാത്ര വികാരങ്ങളുടെ സൂചകമായി മഴ നിലകൊള്ളുന്ന കഥകളേതൊക്കെയാണ് ? വിശദീകരിക്കുക.
29. അടിസ്ഥാന വർഗ്ഗാനുഭവം ശക്തമായി കാണപ്പെടുന്ന ഇടശ്ശേരിയുടെ കവിതകളേതൊക്കെ? വിശദീകരിക്കുക.
30. 'കാട്ടാളൻ 'കടമ്മനിട്ട കവിതകളിലെ ശക്തമായ സാന്നിദ്ധ്യമാണ്. വിശദീകരിക്കുക.
31. ഇന്ദുലേഖയിലും സരസ്വതി വിജയത്തിലും ആവിഷ്കരച്ചിരിക്കുന്ന ദേശസങ്കല്പം വിശദീകരിക്കുക.
32. പച്ചയായ അനുഭവങ്ങളാണ് ബഷീർ ബാല്യകാലസഖിയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ? വിശദമാക്കുക.
33. കേസരിയുടെ നവലോകം എന്ന ഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.
34. നളിനി എന്ന കാവ്യത്തിന്റെ പുതുമയും അപാർച്ചനയും കണ്ടെത്താൻ എ.ആറിന് കഴിഞ്ഞു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദീകരിക്കുക.

35. സംസ്കൃത ശബ്ദങ്ങളാണ് വാക്യങ്ങൾക്ക് ഭംഗി കൊടുക്കുന്നതെന്ന വാദത്തെ കേരള വർമ്മ വലിയകോയിത്തമ്പുരാൻ ഖണ്ഡിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
36. കേരളീയതയെ അടയാളപ്പെടുത്തുന്ന ഇടശ്ശേരി കവിതകളെക്കുറിച്ച് വിശദീകരിക്കുക.
37. സമുദായ ആചാരങ്ങൾ അന്തർജ്ജനങ്ങളെ അടിമകളാക്കി - ലളിതാംബിക അന്തർജ്ജനത്തിന്റെ എഴുത്തിനെ മുൻനിർത്തി അഭിപ്രായം സാധൂകരിക്കുക.

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. ഫ്യൂച്ചറിസം എന്ന പ്രസ്ഥാനത്തെ കേസരി നിർവ്വചിക്കുന്നതെങ്ങനെ? വിശദീകരിക്കുക.
39. ഇടശ്ശേരിയുടെ കാവ്യപ്രത്യയശാസ്ത്രത്തെ സച്ചിദാനന്ദൻ വിലയിരുത്തുന്നതെങ്ങനെ?
40. ഗീതാഞ്ജലി എന്ന കൃതിയിലെ മിസ്റ്റിക് സ്വഭാവത്തെക്കുറിച്ച് സുകുമാർ അഴിക്കോട് കണ്ടത്തിയ വസ്തുതകൾ ക്രോഡീകരിക്കുക.
41. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ സമകാല പ്രസക്തി തിണസങ്കല്പം എന്ന അയ്യപ്പപണിക്കരുടെ ലേഖനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

**(10X2=20)**